(ന) ഇല്ല. മേല്പറഞ്ഞ ഉത്തരംകൊണ്ട് ബാക്കി ചോദ്യങ്ങൾക്ക് അവകാശമില്ല.

(ഒ) അങ്ങിനെ ഒരു റിപ്പോർട്ട് അയച്ചതായിട്ട് ഇവിടെ കാണുന്നില്ല.

(ൻ) ഉണ്ട്. ന-വ-ഫ്രാർ മുതൽ വ്യ-വ-ഫ്രാർ വരെ-വന്ന ദിവസത്തേക്ക്.

(ൻ) അതെ.

മിസ്റ്റർ വി. കെ. കുട്ടി.— സബ്ജ് ഡിവിഷൻ ഓ-ൽ പകപ്പു മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞിരിയ്ക്കുന്നു. ഏതു മേശപ്പുറത്താണു വച്ചിരിയ്ക്കുന്നതെന്നു പറയാമോ? അരമണിക്കൂറിനു മുമ്പായിട്ടാണ് ഈ കടലാസ്സ് എന്റെ കയ്യിൽ കിട്ടിയതു്. ഇതു നോക്കിയപ്പോൾ പകപ്പ് അച്ചടിച്ചു് എല്ലാ മേമ്പർമാരുടേയും മേശപ്പുറത്തു വച്ചിട്ടുണ്ടായിരിയ്ക്കുമെന്നു ഞാൻ വിചാരിച്ചു. അങ്ങിനെ ഒരു കടലാസുതന്നെ ഞങ്ങളിൽ ആരുടേയും മേശപ്പുറത്തു കാണുവാനില്ല.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി.— സിറിംഗു ഫീസിനെ സംബന്ധിച്ചു വല്ല നിർദ്ദേശങ്ങളും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. നാരായണമേനോൻ.— കൊടുക്കുവാൻ പാടില്ലെന്നു നിർദ്ദേശിച്ചിട്ടില്ല.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി.— ഇപ്പോൾ കൊടുത്തുവരുന്നുണ്ടോ?

മിസ്റ്റർ കെ. നാരായണമേനോൻ.— ഉവ്വ്.

മിസ്റ്റർ വി. കെ. കുട്ടി.— (ഒ) ഇതിൽ "അങ്ങിനെ ഒരു റിപ്പോർട്ട് അയച്ചതായിട്ട് ഇവിടെ കാണുന്നില്ല" എന്നു പറഞ്ഞിട്ടുണ്ട്. അങ്ങിനെ ഒരു റിപ്പോർട്ട കിട്ടീട്ടില്ലെന്നു പറയാമോ?

മിസ്റ്റർ കെ. നാരായണമേനോൻ.— കിട്ടാത്തതുകൊണ്ട് ഇല്ല എന്നു പറയാം.

മിസ്റ്റർ വി. കെ. കുട്ടി.— കിട്ടീട്ടുണ്ടോ എന്ന് അന്വേഷിക്കാമോ?

മിസ്റ്റർ കെ. നാരായണമേനോൻ.— അന്വേഷിച്ചു, എന്നിട്ടും കണ്ടില്ല.

മിസ്റ്റർ വി. കെ. കുട്ടി.— കിട്ടീട്ടില്ലെന്നാണോ പറയുന്നതു്?

മിസ്റ്റർ കെ. നാരായണമേനോൻ.— അതെ.

മിസ്റ്റർ വി. കെ. കുട്ടി.— എങ്കിലും അങ്ങിനെ ഒരു റിപ്പോർട്ടയച്ചതായിട്ടു ഗവൺമെൻറിനറിയാമോ? (ചിരി)

Provident Insurance Societies—securities furnished Insurance Concerns and Income-tax.

195. **Mr. A. Narayana Menon.**—Will the Government

LIBRARY ARCHIVES Kerala Legislative Assembly

be pleased to state:—

(a) whether any Provident Insurance Society established in Cochin prior to the passing of Regulation II of 1110 deposited with the Comptroller of Accounts the sum of Rs. 5,000 or the equivalent securities or bonds as mentioned in section 4 (1) of the said Regulation; if so, which are they; have they made the further deposits contemplated by the section; if so, which are they;

(b) has any Provident Insurance Society established in Cochin deposited the sum of Rs. 50,000 as contemplated in the proviso to section 4 (1) of the said Regulation; if so, which are they;

(c) which are the non-Cochin Insurance concerns on whose behalf income-tax was paid in Cochin in 1109, 1110 and 1111?

Mr. P. V. Subramania Ayyar.—(a) No.

(b) No.

(c) The information has to be treated as confidential under section 56 (1) of the Cochin Income-tax Regulation.

Trichur Municipality—special audit—orders regarding.

196. **Mr. T. A. Ramachandra Ayyar.**—Will the Government be pleased to place on the table of the House the final orders passed by Mr. Herbert as the result of the special audit and inquiry of the administration of the Trichur Municipality in 1108?

Mr. M. P. Cherian.—No.

Mr. T. A. Ramachandra Ayyar—Why?

Mr. M. P. Cherian.—Only orders finally passed by the Government will be placed on the table. A review was published in the Gazette and the explanation of the present Chairman has been called for.

Mr. T. A. Ramachandra Ayyar.—The final orders passed by the Diwan cannot be placed?

Mr. M. P. Cherian.—Only final orders passed by the Government will be.

Registered letter in the Kunnamkulam Anchal Office—missing of.

197. **Mr. T. A. Ramachandra Ayyar.**— Will the

LIBRARY ARCHIVES Kerala Legislative Assembly